ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 21.01.2026**

## പ്രധാനവാർത്തകൾ

1) **കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിൽ കാനത്തിൽ ജമീല എം.എൽ.എ യ്ക്ക് ചരമോപചാരം അർപ്പിച്ച് സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച നാളെ.**

2) **കേന്ദ്ര സഹമന്ത്രി രാംദാസ് അത് വാലെ രണ്ടുദിവസത്തെ സന്ദർശനത്തിന് കേരളത്തിൽ എത്തി. കണ്ണൂർ ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ കേന്ദ്ര സഹമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.**

3) **മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കും, നൈപുണ്യ പരിശീലനം നടത്തുന്നവർക്കും സ്കോളർഷിപ്പ് നൽകുന്ന ' കണക്ട് ടു വർക്ക് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**

4) **തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിൽ 22 നിരീക്ഷകരെ കൂടി നിയോഗിച്ച് കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ.**

RNU TVPM

5) ഗ്രാമീണ മേഖലയിലെ ഗുണഭോക്താക്കളുടെ അടിസ്ഥാന പണമിടപാടുകൾ സുഗമമാക്കുന്നതിന് രാജ്യത്തുടനീളം 887 എ.ടി.എമ്മുകൾ സജ്ജമാക്കി തപാൽ വകുപ്പ്.

6) ഇന്ത്യാ-ന്യൂസിലൻഡ് ടി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് നാഗ്പൂരിൽ.

**************************************

## നിയമസഭ

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ദിവസം കാനത്തിൽ ജമീല എം.എൽ.എ യ്ക്ക് ചരമോപചാരം അർപ്പിച്ച് സഭ. കേരള സമൂഹത്തിനാകെയും പ്രത്യേകിച്ച് പുരോഗമന പ്രസ്ഥാനത്തിനും നികത്താനാകാത്ത നഷ്ടമാണ് കാനത്തിൽ ജമീലയുടെ വിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു .സഭയിൽ എല്ലായ്പ്പോഴും ജനാധിപത്യ ബോധവും മതേതര നിലപാടും പ്രകടിപ്പിച്ച വ്യക്തിയായിരുന്നു കാനത്തിൽ ജമീലയെന്ന് കെ ബാബു എം.എൽ.എ അഭിപ്രായപ്പെട്ടു. പ്രതിപക്ഷ നേതാവ് വി ഡി സതീശനെ പ്രതിനിധീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ സാമൂഹിക രാഷ്ട്രീയ ഭൂപടത്തിൽ സ്ത്രീകളുടെ സ്വരം ഉയർത്തുന്നതിൽ ശ്രദ്ധിച്ച നേതാവായിരുന്നു കാനത്തിൽ ജമീല എന്ന് സ്പീക്കർ എ എൻ ഷംസീർ അനുസ്മരിച്ചു. അനുശോചനം രേഖപ്പെടുത്തിയ ശേഷം സഭ ഇന്നത്തേക്ക് പിരിഞ്ഞു. നാളെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച ആരംഭിക്കും.

**************************************

RNU TVPM

## രാംദാസ് അത് വാലെ

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ സഹമന്ത്രി രാംദാസ് അത് വാലെ രണ്ടുദിവസത്തെ സന്ദർശനത്തിന് കേരളത്തിൽ എത്തി. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ എത്തിയ അദ്ദേഹം കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. കണ്ണൂർ ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ കേന്ദ്ര സഹമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. പ്രാദേശിക നേതാക്കളുമായുള്ള മുഖാമുഖം പരിപാടിയിലും പങ്കെടുക്കുന്ന അദ്ദേഹം വൈകിട്ട് ഡോക്ടർ രാജീവ് മേനോൻ ട്രോഫിക്കായുള്ള ദേശീയ വോളിബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും. നാളെ രാവിലെ അദ്ദേഹം കോഴിക്കോട്ടേക്ക് പോകും.

*************************************

## പ്രധാനമന്ത്രി – കേരളം

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി വെള്ളിയാഴ്ച തിരുവനന്തപുരത്ത് എത്തും. രാവിലെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹത്തിന് റോഡ് ഷോ അടക്കം വൻ സ്വീകരണമാണ് ഒരുക്കുന്നതെന്ന് ബി ജെ പി സംസ്ഥാന നേതൃത്വം അറിയിച്ചു. പുത്തരിക്കണ്ടം മൈതാനത്ത് വിവിധ സർക്കാർ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്ന പ്രധാനമന്ത്രി കേരളത്തിനനുവദിച്ച പുതിയ 4 ട്രെയിനുകളുടെ ഉദ്ഘാടനവും നിർവഹിക്കും. വികസിത തിരുവന്തപുരത്തിന്റെ ബ്ലൂപ്രിന്റ് മേയർ വി.വി.രാജേഷിന് പ്രധാനമന്ത്രി നരേന്ദ്രമോദി കൈമാറും.

*************************************

RNU TVPM

## കണക്ട് ടു വർക്ക്

സംസ്ഥാന സർക്കാരിൻറെ ' കണക്ട് ടു വർക്ക് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർ, നൈപുണ്യ പരിശീലനം നടത്തുന്നവർ എന്നിവർക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് കണക്ട് ടു വർക്ക് പദ്ധതി. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**************************************

## എസ്.ഐ.ആർ നിരീക്ഷകർ

എസ് ഐ ആറുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിൽ 22 നിരീക്ഷകരെ കൂടി നിയോഗിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. പുതുതായി നിയോഗിക്കപ്പെട്ട നിരീക്ഷകരിൽ പതിനൊന്ന് പേർ പശ്ചിമ ബംഗാളിലാണ്. ഇതോടെ പശ്ചിമബംഗാളിൽ ആകെ നിരീക്ഷകരുടെ എണ്ണം 20 ആയി. യോഗ്യരായ ഒരു വോട്ടറെയും ഒഴിവാക്കിയിട്ടില്ലെന്നും അനർഹരുടെ പേരുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്നും നിരീക്ഷകർ ഉറപ്പാക്കും.

RNU TVPM

**************************************

## ബി..ജെ.പി - കേരളം

കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ ബിജെപി യുടെ തിരഞ്ഞെടുപ്പ് ചുമതല വഹിക്കുന്നതിന് നേതാക്കളെ പ്രഖ്യാപിച്ച് ദേശീയ അധ്യക്ഷൻ നിതിൻ നബിൻ. വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ബി ജെ പി യുടെ കേരളത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല വിനോദ്

തവ്ഡെയ്ക്കും സഹ-ചുമതല ശോഭ കരന്ദ്ലാജെയ്ക്കുമാണ് നൽകിയത്.

**************************************

## പ്രഗതി-പ്രധാനമന്ത്രി- ഡെസ്ക് (ഇൻട്രോ)

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കംകുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടുകഴിഞ്ഞു. ഗതാഗത കണക്റ്റിവിറ്റി, ഊർജ അടിസ്ഥാന സൗകര്യങ്ങൾ, വ്യാവസായിക വികസനം, നഗര ആസ്തികൾ തുടങ്ങിയവയുടെ ശാക്തീകരണം ഉറപ്പാക്കി ദേശീയ അടിസ്ഥാന സൗകര്യ വളർച്ചയിൽ ഗുജറാത്തിൻറെ മുന്നേറ്റം തുടരുകയാണ്.

**വിശദാംശങ്ങളിലേയ്ക്ക്.....**

(വോയിസ്)

## പ്രഗതി-പ്രധാനമന്ത്രി-ഡെസ്ക് (വോയിസ്)

പ്രഗതിക്ക് കീഴിൽ, 20-ലധികം മേഖലകളിലായി 12.61 ലക്ഷം കോടി രൂപയുടെ 206 പദ്ധതികൾ പുരോഗമിക്കുകയാണ്. ഇതിൽ 3.72 ലക്ഷം കോടി രൂപയുടെ 44 പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്രമോദി അവലോകനം ചെയ്തു. 87 പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തിട്ടുണ്ട്. 119 പദ്ധതികൾ പുരോഗമിക്കുകയാണ്. റോഡ്-ഹൈവേ ഗതാഗതം, എണ്ണ വാതകം, റെയിൽവേ ഊർജം എന്നീ മേഖലകളിലായാണ് പദ്ധതികളുടെ നിർവ്വഹണം.

ന്യൂസ് ഡെസ്ക് ആകാശവാണി......

**************************************

RNU TVPM

## തപാൽവകുപ്പ് - എ.ടി.എം

രാജ്യത്ത് 887 എ ടി എമ്മുകൾ സജ്ജമാക്കി തപാൽ വകുപ്പ്. പണം പിൻവലിക്കൽ, അക്കൗണ്ട് ബാലൻസ് പരിശോധന ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന ഇടപാടുകൾക്ക് ഈ എ ടി എമ്മുകൾ ഉപയോഗപ്പെടുത്താവുന്നതാണെന്ന് കേന്ദ്ര കമ്മ്യൂണിക്കേഷൻസ് മന്ത്രാലയം അറിയിച്ചു. ഗ്രാമീണ മേഖലയിലെ ഗുണഭോക്താക്കൾക്കും ഈ സൗകര്യം ഏറെ പ്രയോജനപ്പെടും.

*************************************

## ശബരിമല കേസ്- ജാമ്യം

ശബരിമല സ്വർണക്കൊള്ള കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് ആദ്യ കേസിൽ ജാമ്യം അനുവദിച്ചു. പോറ്റിയുടെ ജാമ്യാപേക്ഷ പരിഗണിച്ച കൊല്ലം വിജിലൻസ് കോടതിയാണ് ഉപാധികളോടെ ജാമ്യം അനുവദിച്ചത്. ദ്വാരപാലകകേസിൽ അറസ്റ്റിലായി 90 ദിവസംകഴിഞ്ഞിട്ടും അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ജാമ്യം ലഭിച്ചത്. സാങ്കേതികമായി ജാമ്യം ലഭിച്ചെങ്കിലും കട്ടിളപ്പാളി കേസിൽ റിമാൻഡിൽ തുടരുന്നതിനാൽ പോറ്റിക്ക് പുറത്തിറങ്ങാനാകില്ല.

RNUTVPM

*************************************

## ജാമ്യാപേക്ഷ പരിഗണിച്ചു

തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബുവിൻ്റെ ജാമ്യാപേക്ഷയും കൊല്ലം വിജിലൻസ് കോടതി ഇന്ന് പരിഗണിച്ചു. അറസ്റ്റ് ചെയ്ത് 90 ദിവസം ഇന്നലെ പൂർത്തിയാകുകയും, ഇതുവരെ അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചിട്ടുമില്ലാത്ത സാഹചര്യത്തിലാണ് ഇന്ന് ജാമ്യാപേക്ഷ സമർപ്പിച്ചത്.

*************************************

## സാമൂഹ്യ നീതി വകുപ്പ്- സമ്മേളനം

സാമൂഹ്യ നീതി വകുപ്പിന്റെ "സവിശേഷ' -കാർണിവൽ ഓഫ് ദ ഡിഫറന്റ് സമാപന സമ്മേളനം ഉച്ചക്ക് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഇന്നലെ ചന്ദ്രശേഖർനായർ സ്റ്റേഡിയത്തിൽ നടത്തിയ കായിക മത്സരങ്ങളിലെ വിജയികൾക്ക് മന്ത്രി ആർ ബിന്ദു സമ്മാനങ്ങൾ വിതരണം ചെയ്തു. 300-ഓളം ഭിന്നശേഷിക്കാർ മത്സരങ്ങളിൽ പങ്കെടുത്തു.

****************************************

## കാട്ടാന - ഇടുക്കി പിടിസി (ഇൻട്രോ)

ഇടുക്കി മുള്ളരിങ്ങാട് കാട്ടാന വീടിന് മുകളിലേക്ക് മരം തള്ളിമറിച്ചിട്ടു. ചുള്ളിക്കണ്ടത്ത് ജോണിയുടെ വീടാണ് പൂർണമായും തകർന്നത്. വീട്ടുകാർ ബന്ധുവീട്ടിൽ ആയിരുന്നതിനാൽ വലിയ ദുരന്തം ഒഴിവായി.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ.....**

(വോയിസ്)

****************************************

## ക്രിക്കറ്റ്

ഇന്ത്യാ-ന്യൂസിലൻഡ് ടി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരം വൈകുന്നേരം 7 മണിക്ക് നാഗ്പൂരിൽ നടക്കും. അടുത്ത മാസമാണ് ഐ.സി.സി പുരുഷ ടി-20 ലോകകപ്പ് നടക്കുക.

****************************************

RNUTVPM

## ഓഹരി- സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 732 പോയിൻറ് താഴ്ന്ന് 81,488 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 204 പോയിൻറ് ഇടിഞ്ഞ് 25,023 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവിലയിൽ വൻ വർദ്ധന. ഇന്ന് രണ്ട് തവണ വില ഉയർന്നു. ഗ്രാമിന് 685 രൂപ വർധിച്ച് 14,415 രൂപയും പവന് 5,480 രൂപ വർധിച്ച് ഒരു ലക്ഷത്തി 15,320 രൂപയുമാണ് ഇന്നത്തെ വില.

***************************************

## മഹാ കുംഭമേള

"മഹാമാഘ മഹോത്സവം നടക്കുന്ന തിരുനാവായയിലേക്കുള്ള മഹാ മല രഥയാത്ര ഇന്ന് രാവിലെ പാലക്കാട് കല്ലാത്തിയിൽ നിന്ന് പുനരാരംഭിച്ചു. രഥയാത്ര നാളെ തിരുനാവായയിൽ എത്തിച്ചേരും. തിങ്കളാഴ്ച ആരംഭിച്ച മേള ഫെബ്രുവരി മൂന്നിന് അവസാനിക്കും.

RNU TVPM

***************************************

## നാസ - സുനിത വില്യംസ്

നാസ ബഹിരാകാശ ഏജൻസിയിൽ നിന്നും പ്രമുഖ ബഹിരാകാശ സഞ്ചാരി സുനിത വില്യംസ് വിരമിച്ചു. 27 വർഷത്തെ വിശിഷ്ട സേവനത്തിന് ശേഷമാണ് വിരമിക്കൽ. കഴിഞ്ഞ മാസം 27 ന് വിരമിക്കൽ പ്രാബല്യത്തിൽ വന്നതായി ഇന്ന് രാവിലെയാണ് നാസ ഔദ്യോഗികമായി അറിയിച്ചത്. ഇന്ത്യൻ വംശജയായ സുനിത വില്യംസ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള മൂന്ന് ദൗത്യങ്ങളിലായി 608 ദിവസങ്ങൾ ബഹിരാകാശത്ത് ചിലവഴിച്ചിട്ടുണ്ട്.

***************************************

## സഹപാഠിയെ മർദിച്ചു

പത്താം ക്ലാസ് വിദ്യാർത്ഥികൾ സഹപാഠിയെ മർദ്ദിക്കുന്നതിൻറെ ദൃശ്യങ്ങൾ പുറത്ത്. എറണാകുളം-ഇടുക്കി അതിർത്തിയിൽ പൈങ്ങോട്ടൂർ ബസ് സ്റ്റാൻഡിലാണ് സംഭവം. കലൂർ സ്വകാര്യ സ്കൂളിലെ വിദ്യാർഥികളാണ് സഹപാഠിയെ മർദ്ദിച്ചത്. ഒരാഴ്ച മുമ്പ് നടന്ന സംഭവം പോലീസ് ഒത്തുതീർപ്പാക്കിയിരുന്നു. ദൃശ്യങ്ങൾ പുറത്തുവന്നതോടെ ജുവനൈൽ കോടതിയിൽ റിപ്പോർട്ട് നൽകുമെന്ന് പോലീസ് അറിയിച്ചു.

***************************************

## സന്തോഷ് ട്രോഫി ഫുട്ബോൾ

79-ാമത് സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് അസ്സമിൽ തുടക്കമാകും. ടൂർണമെന്റിൽ പങ്കെടുക്കുന്ന 12 ടീമുകളെ ആറ് ടീമുകൾ വീതമുള്ള രണ്ട് ഗ്രൂപ്പുകളായാണ് തിരിച്ചിരിക്കുന്നത്. ടൂർണ്ണമെൻറിൽ പങ്കെടുക്കുന്നതിനായി കേരള ഫുട്ബോൾ ടീം അസമിലെത്തി. നാളെ പഞ്ചാബിനെതിരായാണ് കേരളത്തിന്റെ ആദ്യ മത്സരം. ഫെബ്രുവരി 8-നാണ് ഫൈനൽ മത്സരം.

*****************************************************************

***************************************

PNUTVPM